

THURSDAY 01.02.2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/02/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം.

2. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷനും കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തും, കൃഷി വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളുടെ അറ്റ കുറ്റപ്പണി ക്യാമ്പ് ഫെബ്രുവരി 13 വരെ ചാത്തമംഗലം കൃഷി ഭവനിൽ നടക്കുന്നു. ഇരുപത് ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പിൽ കർഷകരുടെ കേടുപാടായ എല്ലാ കാർഷിക യന്ത്രങ്ങളും സൗജന്യമായി അറ്റകുറ്റപ്പണി ചെയ്യും. എന്നാൽ ഏതെങ്കിലും സ്പെയർ പാർട്സുകൾ ആവശ്യമായി വന്നാൽ ആ തുക കർഷകരിൽ നിന്ന് ഈടാക്കും. മൊബൈൽ അഗ്രോ മെഷിനറി റിപ്പയർ യൂണിറ്റിന്റെ സേവനവും ലഭ്യമാണ്. വിശദ വിവരങ്ങൾക്കായി അതാത് കൃഷി ഭവനുകളുമായോ, 9497009673 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല, ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് നബാർഡ് മലപ്പുറത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി കാർഷിക മേഖലയിൽ സംരംഭകത്വ സാധ്യതകളുള്ള വിഷയത്തിൽ ഏകദിന/ദിദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂൺ കൃഷി, കൂൺ വിത്തുല്പാദനം, സസ്യപ്രജനനം, നഴ്സറി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പരിപാലനം, പഴം-പച്ചക്കറി സംസ്കരണം, ജൈവ-ജീവാണു വളനിർമ്മാണം, സൂക്ഷ്മ ജലസേചനം, തേനീച്ച വളർത്തൽ, പൂകൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം നടത്തുന്നത്. താല്പര്യമുള്ളവർ പരിശീലനങ്ങളിൽ പങ്കെടുക്കുന്നതിന് 05/02/2024 വൈകീട്ട് 4 മണിക്ക് മുമ്പായി രജിസ്ട്രേഷനുവേണ്ടി ആനക്കയം ഗവേഷണ കേന്ദ്രത്തിൽ നേരിട്ടോ 0483 2848239 നമ്പറിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 16- 02-2024 മുതൽ എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലെക്സിൽ എല്ലാ ദിവസവും രാവിലെ 10:30 മണി മുതൽ 12 മണി വരെ മുട്ട ഒന്നിന് 7 രൂപ നിരക്കിൽ വില്പ്പന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0475 229299.

6. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ചിപ്പികൂൺ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ വിളിക്കുക

7. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 ഫെബ്രുവരി മാസത്തിൽ ഇടുക്കി അണക്കരയിൽ വച്ച് നടത്തപ്പെടുന്ന 2023-24 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം ‘‘പടവ് 2024‘ നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്ക്കാരങ്ങൾ നല്കുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗത്തിനായി മികച്ച പത്ര റിപ്പോർട്ട്, മികച്ച



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), മികച്ച പുസ്തകം (ക്ഷീര മേഖല), മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ ,മികച്ച ദൃശ്യ മാധ്യമ ഡോക്കുമെൻററി/ മാഗസിൻ പ്രോഗ്രാം, മികച്ച ഫോട്ടോഗ്രാഫ് ('ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം' എന്ന വിഷയത്തിൽ) പുരസ്ക്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് 1. മികച്ച ഫീച്ചർ-ദിനപ്പത്രം, ആനുകാലികം 2. മികച്ച ഫോട്ടോഗ്രാഫ് ('ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം' എന്ന വിഷയത്തിൽ) എൻട്രികൾ 2023 ജനുവരി 01 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ www.dairydevelopment.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിജയികൾക്ക് 25,000/- ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 12.02.2024 വൈകിട്ട് 5 മണി. അപേക്ഷകൾ അയക്കേണ്ട വിലാസം ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡയറി ലാബ്), ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം -695004. കൂടുതൽ വിവരങ്ങൾക്ക് 9495818683/999524086190 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 2,3 തീയതികളിലായി 'ക്ഷീര സംരഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ' എന്ന വിഷയത്തിൽ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് പരിശീലനം നടത്തുന്നതാണ്. നിലവിൽ അഞ്ചോ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അതിലധികമോ പശുക്കളെ വളർത്തുന്നവർക്കും ക്ഷീര മേഖലയെ ഒരു സംരംഭമായി കരുതി ഫാം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ടി ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 01.02.2024 ന് 5 മണി വരെ ഫോൺ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. 8089391209 എന്ന വാട്സ് ആപ് നമ്പറിലേക്ക് പേരും മേൽ വിലാസവും അയച്ചു നൽകിയും പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലന പരിപാടി പരിമിതപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 04762698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിക്കേണ്ടതാണ്. പരിശീലനത്തിന് എത്തിച്ചേരുന്ന സമയത്ത് 20 രൂപ രജിസ്ട്രേഷൻ ഫീസും ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും കൊണ്ട് വരേണ്ടതാണ്.

**കാർഷിക നിർദ്ദേശം**

9. വാഴയിൽ നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങിയവ വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക. ഡൈമെത്തോയേറ്റ് (30 ഇസി ) 1.5 മില്ലി ഒരു ലിറ്റർ എന്ന കണക്കിൽ തളിച്ചു കൊടുക്കാം. അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസൾഫാൻ (6ഏ) 20 ഗ്രാം ചേർത്ത് കൊടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം